**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5239** **02-11-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. യിലെ ശമ്പള പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി.യിൽ മുൻകാല പ്രാബല്യത്തോടെ ശമ്പള പരിഷ്കരണം നടപ്പിലാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (എ) | കെ.എസ്.ആർ.ടി.സി.യിലെ ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് 27.10.2021-ന് മുഖ്യമന്ത്രിതല ചർച്ച നടന്നിട്ടുള്ളതും, വരുമാനം വർദ്ധിപ്പിച്ച് ചെലവ് ചുരുക്കുന്നതിനു വിവിധ നടപടികൾ സ്വീകരിക്കണമെന്ന നിബന്ധനയോടെ ശമ്പള പരിഷ്കരണ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് ധാരണയായിട്ടുള്ളതുമാണ്. അംഗീകൃത തൊഴിലാളി സംഘടനാ പ്രതിനിധികളുമായി ചർച്ചകൾ പൂർത്തിയാക്കി ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പന്ത്രണ്ട് മണിക്കൂർ ഡ്യൂട്ടി പരിഷ്കരണം പുനഃപരിശോധിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (ബി) | കോവിഡ്-19നെ തുടർന്നുള്ള യാത്രാ നിയന്ത്രണങ്ങൾ ഉള്ളതിനാൽ യാത്രക്കാരുടെ ലഭ്യതയ്ക്കനുസരിച്ച് വരുമാന കുറവുള്ള ട്രിപ്പ് പരിമിതപ്പെടുത്തി ജനോപകാരപ്രദമായും കോർപ്പറേഷന്റെ വരുമാനം വർദ്ധിപ്പിക്കുന്ന തരത്തിലുമാണ് ഓർഡിനറി ബസ്സുകൾ 12 മണിക്കൂർ സമയക്രമത്തിൽ ക്രമീകരിച്ചിട്ടുള്ളത്. ഇത്തരം സർവ്വീസുകളിൽ നിയോഗിക്കുന്ന ജീവനക്കാർക്ക് യാത്രാതിരക്ക് തീരെ കുറവുള്ള സമയങ്ങളിൽ പരമാവധി 4 മണിക്കൂർ വരെ വിശ്രമം അനുവദിച്ച് സ്പ്രെഡ്ഡുകളായാണ് ഡ്യൂട്ടി ക്രമീകരിക്കുവാനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. ഇത്തരത്തിൽ ഡ്യൂട്ടി ചെയ്യുന്ന ജീവനക്കാർ ആഴ്ചയിൽ 48 മണിക്കൂർ ജോലി ചെയ്യുന്ന സാഹചര്യത്തിൽ ആഴ്ചയിൽ 4 ദിവസം മാത്രം ഡ്യൂട്ടിയ്ക്ക് ഹാജരാകുവാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. യാത്രക്കാർ കൂടുതലുള്ള പീക്ക് സമയങ്ങളിൽ സർവ്വീസ് പുനഃക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 1961ലെ മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് നിയമത്തിലെ വ്യവസ്ഥകൾ അനുസരിച്ചാണ് കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ഡ്യൂട്ടി സമയം ക്രമീകരിച്ചിട്ടുള്ളത്. 13-ാം വകുപ്പ് പ്രകാരം |

| | | | |
|---|---|---|---|
| | | | ആഴ്ചയിൽ 48 മണിക്കൂറിൽ അധികരിക്കാത്ത വിധത്തിലും, പ്രത്യേക സാഹചര്യങ്ങളിലും ആഴ്ചയിൽ 54 മണിക്കൂറിൽ അധികരിക്കാത്ത വിധത്തിലുമാണ് ഡ്യൂട്ടി ക്രമീകരിച്ചിരിക്കുന്നത്. എന്നാൽ തിരക്ക് വർദ്ധിച്ച് വരികയും, കോവിഡ് നിയന്ത്രണങ്ങളിൽ ഇളവ് വരികയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ അതിന് അനുയോജ്യമായ രീതിയിൽ ഡ്യൂട്ടികൾ പുനഃക്രമീകരിക്കുന്നത് പരിഗണനയിലാണ്. |
| (സി) | ശമ്പളം അവസാന പ്രവൃത്തിദിനം തന്നെ വിതരണം ചെയ്യുന്നതിനും മുടങ്ങിക്കിടക്കുന്ന യൂണിഫോം അലവൻസ് ഉൾപ്പെടെയുള്ളവ അടിയന്തരമായി വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിക്കുമോ; | (സി) | നിലവിൽ കെ.എസ്.ആർ.ടി.സി. ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലൂടെയാണ് കടന്നു പോകുന്നത്. കോവിഡ് മഹാമാരിയുടെ വ്യാപനംമൂലം ജനങ്ങൾ പൊതു ഗതാഗത സംവിധാനം ഒഴിവാക്കുന്നതും, സാമൂഹ്യ അകലം പാലിച്ച് ബസ്സ് സർവ്വീസുകൾ നടത്തുന്നതു കാരണവും പ്രതിദിനം ശരാശരി 3.50 കോടി രൂപ മാത്രമാണ് ലഭ്യമാകുന്നത്. പ്രസ്തുത തുകയുടെ സിംഹഭാഗവും ഇന്ധന ചെലവുകൾക്ക് ആയാണ് വിനിയോഗിക്കേണ്ടി വരുന്നത്. ആയതിനാൽ പൂർണ്ണമായും സർക്കാർ ധനസഹായം ലഭ്യമാക്കിയാണ് ശമ്പള വിതരണം നടത്തിവരുന്നത്. സർക്കാർ, കെ.എസ്.ആർ.ടി.സി.യ്ക്ക് വകയിരുത്തിയിരുന്ന 2021-22-ലെ ബഡ്ജറ്റ് വിഹിതം പൂർണ്ണമായും കെ.എസ്.ആർ.ടി.സി.യ്ക്ക് അനുവദിച്ച് നൽകിയതിനാൽ നിലവിൽ റീ-അപ്രോപ്രിയേഷൻ വഴി നടപടിക്രമങ്ങൾ പാലിച്ച് തുക അനുവദിക്കുന്നതിന് കാലതാമസം നേരിടുന്നതിനാലാണ് നിലവിൽ ശമ്പള വിതരണം അവസാന പ്രവൃത്തി ദിവസം തന്നെ വിതരണം ചെയ്യാൻ സാധിക്കാത്തത്. കെ.എസ്.ആർ.ടി.സി.യുടെ വരുമാനം മെച്ചപ്പെട്ട് സ്വന്തം നിലയിൽ ശമ്പള വിതരണം നടത്താനുള്ള തുക ലഭ്യമാകുന്ന മുറയ്ക്ക് അവസാന പ്രവൃത്തി ദിവസം തന്നെ ശമ്പള വിതരണം നടത്തുന്നതിന് സാധിക്കുന്നതാണ്. നിലവിലെ സാമ്പത്തിക പ്രതിസന്ധിയിൽ യൂണിഫോം അലവൻസ് ഉൾപ്പെടെയുള്ള അലവൻസുകൾ വിതരണം ചെയ്യാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. കെ.എസ്.ആർ.ടി.സി.യുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് യൂണിഫോം അലവൻസുകൾ ഉൾപ്പെടെയുള്ള അലവൻസുകൾ വിതരണം ചെയ്യുന്നതാണ്. |
| (ഡി) | തടഞ്ഞുവച്ച പ്രമോഷനുകളും ആശ്രിത നിയമനവും പുനഃസ്ഥാപിക്കുമോ; വിശദീകരിക്കുമോ; | (ഡി) | നിലവിൽ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന കോർപ്പറേഷനെ പുനരുദ്ധാരണം ചെയ്യുന്നതിനായി വിവിധ നടപടികൾ സ്വീകരിച്ച് വരികയാണ്. ഇതിന്റെ ഭാഗമായി കാലാനുചിതമായി |

| | | | |
|---|---|---|---|
| | | | ജീവനക്കാരുടെ കാറ്റഗറി തിരിച്ചുള്ള അംഗബലം ക്രമീകരിച്ച് വരികയാണ്. ടി നടപടി പൂർത്തീകരിച്ച് ഓരോ തസ്തികകളുടെ എണ്ണം ക്രമപ്പെടുത്തി മാത്രമേ പ്രൊമോഷനും പുതിയ നിയമനങ്ങളും നടത്തുവാൻ നിർവ്വാഹമുള്ളൂ. നിലവിൽ പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ട് പ്രകാരം കെ.എസ്.ആർ.ടി.സി.യിൽ കേഡർ സ്ട്രെങ്ത് പുനർ നിർണ്ണയിച്ചതിന്റെ ഭാഗമായി ജീവനക്കാരുടെ ഒഴിവില്ല. ടി റിപ്പോർട്ട് പ്രകാരം കെ.എസ്.ആർ.ടി.സി.യിലെ എല്ലാ തരം നിയമനങ്ങളും നിർത്തിവച്ച സാഹചര്യത്തിൽ ആശ്രിത നിയമനവും താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. |
| (ഇ) | ടിക്കറ്റ് മെഷീൻ അടിയന്തരമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) | GPRS, Bluetooth, RFID സംവിധാനമുള്ള 5500 ETMകൾ വാങ്ങുന്നതിനുള്ള പർച്ചേസ് ഓർഡർ 30.06.2021-ന് നൽകുകയുണ്ടായി. വിവിധ ഡിപ്പോകളിലേക്ക് ടി മെഷീനുകളുടെ വിതരണം പുരോഗമിച്ച് വരികയുമാണ്. |

സെക്ഷൻ ഓഫീസർ